

WEDNESDAY 21.02.2024 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/02/2024

1. കേരളത്തിൽ 1000 സീഫുഡ് റസ്റ്റോറൻറുകൾ തുറക്കും- മന്ത്രി സജി ചെറിയാൻ

ആലപ്പുഴ വിഴിഞ്ഞത്തെ സീഫുഡ് റസ്റ്റോറന്റ് മാതൃകയിൽ കേരളത്തിൽ 1000 സീഫുഡ് റസ്റ്റോറന്റുകൾ തുറക്കുമെന്ന് ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ. മത്സ്യഫെഡിനു കീഴിൽ പുന്നപ്ര വടക്ക് പഞ്ചായത്ത് പറവൂരിൽ ആരംഭിച്ച സംസ്ഥാനത്തെ ആദ്യ നൈലോൺ നൂൽ ഫാക്ടറിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. സീഫുഡ് റസ്റ്റോറന്റ് ശൃംഖല വിജയമാക്കാൻ ട്രെയിനിംഗ് സെന്ററുകളടക്കം സജ്ജമാക്കുമെന്നും മന്ത്രി പറഞ്ഞു. മത്സ്യവകുപ്പിന് കീഴിൽ തുടങ്ങുന്ന ഇത്തരം സ്ഥാപനങ്ങളിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ ഒരാൾക്കെങ്കിലും തൊഴിൽ നൽകും. മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ മത്സ്യബന്ധന ഇതര മേഖലിൽ ഒരാൾക്കെങ്കിലും തൊഴിൽ നൽകുകയെന്ന സർക്കാർ ലക്ഷ്യത്തിന്റെ ഭാഗമായാണ് ആശയമെന്നും മന്ത്രി വ്യക്തിമാക്കി.

2. തെങ്ങിലെ കൂമ്പുചീയൽ നിയന്ത്രണത്തിന് ഉപയോഗിക്കാവുന്ന ട്രൈക്കോ ഡെർമ കൊയർപിത്ത് കേക്കുകൾ (70,000) എണ്ണം കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ള സ്റ്റേഷനുകൾ 8547675124 നമ്പറിൽ ബന്ധപ്പെടുക . പാർസൽ ആയും എത്തിച്ചു നൽകുന്നതാണ്.

3. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ പശുക്കൾക്ക് തീറ്റയായി നൽകുന്നതിന് ഉദ്ദേശം 50 ടൺ ഉണക്ക വൈക്കോൽ വിതരണം ചെയ്യുന്നതിന് താല്പര്യമുള്ളവരിൽനിന്ന് മുദ്രവച്ച മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ ലഭിക്കേണ്ട

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

അവസാന തീയതി ഫെബ്രുവരി 28പകൽ 11 മണിവരെയാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 –2732962 എന്ന ഫോൺ നമ്പറിൽ ഓഫീസുമായി ബന്ധപ്പെടുക

4. പാലക്കാട് തെക്കുമുറിയിലുള്ള കൃഷിവിജ്ഞാനകേന്ദ്രത്തിൽ ഒരു മാസം പ്രായമായ കരിങ്കോഴി, ഗ്രാമശ്രീ, ത്രിവേണി ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ വില്പനക്കുണ്ട്. കരിങ്കോഴി ഒരെണ്ണം 200 രൂപയും ഗ്രാമശ്രീ, ത്രിവേണി എന്നീയിനങ്ങൾ ഒരെണ്ണം 120 രൂപയുമാണ് വില. കൂടുതൽ വിവരങ്ങൾക്ക് 0466 2212279 0466 –2912008 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. കൊല്ലം ജില്ലയിലെ ആയൂർ തോട്ടത്തറ ഹാച്ചറി കോംപ്ലക്സിൽ മൂന്ന് രൂപയ്ക്ക് കോഴി വളം വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0475 2292899 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക

## പരിശീലന പരിപാടി

6. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറെ ആഭിമുഖ്യത്തിൽ 'മുട്ടക്കോഴി വളർത്തൽ' എന്ന വിഷയത്തിൽ ഫെബ്രുവരി 27,28 തീയതികളിൽ മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി രണ്ടു ദിവസത്തെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491– 2815454, 9188522713 എന്നീ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ കോപ്പി കൊണ്ടുവരേണ്ടതാണ്.

7. കേരള കാർഷിക സർവ്വകലാശാല- കോഴിക്കോട് വേങ്ങേരി കാർഷിക വിജ്ഞാന-വിപണന കേന്ദ്രത്തിൽ വെച്ച് പച്ചക്കറി തൈകളിലെ ഗ്രാഫ്റ്റിങ് എന്ന വിഷയത്തിൽ 24.02.2024 രാവിലെ 10.0 മണി മുതൽ 1 മണി വരെ കർഷകർക്കായി പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി

04952935850, 9188223584 എന്നീ ഫോൺ നമ്പറിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "Organic Agricultural Management" എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്‌റ്റ്രേഷൻ ഫോറം പൂരിപ്പിച്ചു സമർപ്പിക്കുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി 2024 ഫെബ്രുവരി 25. കോഴ്സ് ആരംഭിക്കുന്ന തിയ്യതി 2024 ഫെബ്രുവരി 26. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

9. റബ്ബർബോർഡിന്റെഉടമസ്ഥതയിലുള്ള വിവിധ നഴ്സറികളിൽ അംഗീകൃത റബ്ബറിനങ്ങളുടെ നടീൽവസ്തുക്കൾ വിതരണത്തിന് തയ്യാറായിട്ടുണ്ട്.നടീൽവസ്തുക്കളുടെ ബുക്കിങ്, വിതരണം എന്നിവ സംബന്ധിച്ചുള്ള സംശയങ്ങൾക്ക് റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ഇന്ന് (ഫെബ്രുവരി 21) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഫോണിലൂടെ മറുപടി നൽകും. കോൾ സെന്റർ നമ്പർ 0481–2576622.